# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 187 | 28.10.2019-ൽ മറുപടിക്ക്

**അബ്ദുൽ ഷുക്കൂറിന്റെ മരണത്തെക്കുറിച്ച് സമഗ്രാന്വേഷണം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഡെറാഡൂണിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട പെരിന്തൽമണ്ണ പുലാമന്തോൾ വടക്കൻ പാലൂർ സ്വദേശിയായ അബ്ദുൽ ഷുക്കൂറിന്റെ മരണം കേരള പോലീസ് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത കേസിൽ സമഗ്രാന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ സംസ്ഥാന പോലീസ് മേധാവി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാന പോലീസിന്റെ ഏത് വിഭാഗത്തെയാണ് അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;<br><br>(സി) പ്രസ്തുത കേസിൽ നാളിതുവരെ അന്വേഷണം ആരംഭിച്ചിട്ടില്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദാംശം ലഭ്യമാക്കുമോ? | (എ), (ബി) & (സി) | അബ്ദുൾ ഷുക്കൂറിന്റെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഉമ്മ സക്കീന സമർപ്പിച്ച പരാതിയിന്മേൽ മലപ്പുറം ജില്ലാ പോലീസ് മേധാവി മുഖേന അന്വേഷണം നടത്തിയതിൽ, ഉത്തരാഖണ്ഡ് സംസ്ഥാനത്തിലെ ഡെറാഡൂൺ എന്ന ജില്ലയിലെ പ്രേം നഗർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മാക്സ് ഹോസ്പിറ്റലിൽവച്ച് അബ്ദുൾ ഷുക്കൂർ മരണപ്പെട്ട കാര്യത്തിന് പ്രേം നഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 169/2019 U/s 302 r/w 34 IPC പ്രകാരം, കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി, 5 പ്രതികളെ അറസ്റ്റ് ചെയ്ത് ഡെറാഡൂണിലെ ബഹു.CJM കോടതിയിൽ ഹാജരാക്കിയതിൽ ഡെറാഡൂൺ ജില്ലാ ജയിലിൽ റിമാന്റ് ചെയ്യാൻ ഉത്തരവായിട്ടുള്ളതാണ്. അബ്ദുൾ ഷുക്കൂറിന്റെ ഉമ്മ സക്കീനയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ക്രൈം നം.477/19 U/s 364, 465, 395 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, പ്രസ്തുത കേസിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് മേൽ സൂചിപ്പിച്ച ഇരു കേസുകളെയും സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ